**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1595** **31-08-2022 - ൽ മറുപടിയ്ക്ക്**

**നാളികേര സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നാളികേരത്തിന് നിലവിൽ ന്യായമായ വില ലഭിക്കുന്നില്ലെന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ആയതിന് പരിഹാരമായി കിലോയ്ക്ക് 32 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരണം നടത്തി വരുന്നു. |
| (ബി) | നെൽകൃഷിക്കാർക്ക് നൽകുന്നതുപോലെ കേരകർഷകർക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | കേരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും, കേരകൃഷിയിലൂടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും നാളികേര വികസന പദ്ധതിയുടെ ഭാഗമായി ഉയർന്ന ഉത്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും, മെച്ചപ്പെട്ട പരിപാലനരീതികൾ കർഷകർ പ്രാവർത്തികമാക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2022-23 വർഷം നാളികേര വികസന പദ്ധതിക്കായി 7390 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>നാളികേര കർഷകർക്കായി കേരഗ്രാമം പദ്ധതി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ 2014-15 വർഷം മുതൽ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. നാളികേരത്തിന്റെ ഉൽപ്പാദനവും, ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും, പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീട-രോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവയാണ് പദ്ധതി പ്രകാരമുള്ള പ്രധാന പ്രവൃത്തികൾ.<br><br>20 കേരഗ്രാമം - പദ്ധതി പ്രകാരം 2022-23 വർഷത്തിൽ, 100 ഹെക്ടർ വിസ്തൃതിയിൽ 100 കേരഗ്രാമങ്ങൾ നടപ്പിലാക്കുവാനാണ് നാളികേര വികസന പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി 2567 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെയുള്ള കാലഘട്ടത്തിലേക്ക് പ്രാവർത്തിക മാക്കാനുള്ള വിവിധ ലക്ഷ്യങ്ങളോടെയാണ് നാളികേര വികസന കൗൺസിൽ സർക്കാർ രൂപീകരിച്ചിരിക്കുന്നത്. ഗുണമേന്മയുള്ള തെങ്ങിൻതൈകൾ 50% സബ്സിഡി നിരക്കിൽ വാർഡൊന്നിന് കുറഞ്ഞത് 75 എണ്ണം എന്ന നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതി 'കേരകേരളം സമൃദ്ധകേരളം' എന്ന പേരിൽ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. തെങ്ങിൻതൈകളുടെ വിതരണത്തിനായി 2022-23 വർഷത്തിൽ 820.3191 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്.<br><br>ല സംസ്ഥാന പദ്ധതികൾക്ക് പുറമെ നാളികേര വികസന ബോർഡ് (CDB) ന്റെ പദ്ധതിയിലൂടെ കേടുവന്ന തെങ്ങ് മുറിച്ചു മാറ്റൽ, പുതിയവ വച്ചുപിടിപ്പിക്കൽ എന്നിവയും പുരയിടത്തിലെ തെങ്ങുകൾക്ക് സംരക്ഷണം നൽകുന്നതിനായി സംയോജിത പരിപാലന മുറകൾ നടപ്പിലാക്കുന്നതിനും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ധനസഹായം നൽകുന്നു. കൂടാതെ CDB നേരിട്ട് നടപ്പിലാക്കുന്ന തെങ്ങ് പുതു കൃഷി പദ്ധതി പ്രകാരം 2022 -23 ൽ, 25 സെന്റ് മുതൽ 4 ഹെക്ടർ വരെ ഭൂമി കൈവശമുള്ള കർഷകർക്ക് ധനസഹായം നൽകുന്നു. കുറഞ്ഞത് 10 തൈകൾ എങ്കിലും പുതുതായി നടുന്ന കർഷകനാണ് ധനസഹായം നൽകുന്നത്. |
| (സി) | കൃഷിഭവനുകൾ മുഖേന നാളികേരം സംഭരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഇല്ല. കൃഷി ഭവനുകളിൽ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ കുറവും, കൃഷിഭവൻ ഉദ്യോഗസ്ഥർ വിവിധ കാർഷികവിജ്ഞാന പ്രവർത്തനങ്ങളിലും പദ്ധതി നിർവ്വഹണത്തിലും ഏർപ്പെടുന്നതിനാലും നിലവിലെ സ്ഥിതിയിൽ കൃഷി ഭവൻ മുഖേന പച്ചത്തേങ്ങ സംഭരണം നടപ്പിലാക്കുവാൻ സാധിക്കാത്ത അവസ്ഥയാണ് |
| (ഡി) | നാളികേര സംഭരണത്തിനായി തൃശ്ശൂർ ജില്ലയിൽ പുതുതായി എത്ര സംഭരണ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്; അവ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (ഡി) | തൃശ്ശൂർ ജില്ലയിലെ പച്ചത്തേങ്ങ സംഭരണത്തിനായി ഒല്ലൂർ കൃഷി സമൃദ്ധി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്, പാവറട്ടി കാർഷിക കർമ്മസേന എന്നീ സംഭരണ കേന്ദ്രങ്ങളാണ് അനുവദിച്ചിട്ടുള്ളത്. |
| (ഇ) | പ്രസ്തുത കേന്ദ്രങ്ങളിലെ നാളികേര സംഭരണത്തിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ഇ) | കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ രേഖപ്പെടുത്തിയ സാക്ഷ്യപത്രം, കൃഷി ആഫീസർ / കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. പ്രസ്തുത സാക്ഷ്യ പത്രത്തിന് ഒരു വർഷം കാലാവധി ഉണ്ടായിരിക്കും. പച്ചത്തേങ്ങ വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതും അപ്രകാരം രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും തെങ്ങ് ഒന്നിന് പരമാവധി 50 നാളികേരം (6 തവണകളായി) ഒരു വർഷം എന്ന കണക്കിൽ പച്ചത്തേങ്ങ സംഭരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ